മാതൃഭൂമി

14 February 1976

# നാരൻചെമ്മീൻ വിരിയിച്ചു

കൊച്ചി: വിദേശ വിപണിയിൽ വിലപിടിപ്പുള്ള നാരൻ ചെമ്മീൻ പരീക്ഷണശാലയിൽ ജനിപ്പിച്ച് വളർത്തിയെടുക്കുന്നതിൽ കൊച്ചിയിലെ സെൻട്രൽ മറൈൻ ഫിഷറീസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിലെ ശാസ്ത്രജ്ഞന്മാർ വിജയിച്ചിരിക്കുന്നു. ഇന്ത്യയിൽ ആദ്യമായാണ് ഈ ഇനം ചെമ്മീൻ പരീക്ഷണശാലയിൽ മുട്ടയിട്ടു വിരിയുന്നതെന്ന് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഡയറക്ടർ ഡോ. ഇ.ജി. സൈലസ് പറഞ്ഞു.

ആഴക്കടലിൽനിന്നു പിടിച്ചെടുത്ത പ്രായപൂർത്തിയായ നാരൻ ചെമ്മീനുകളെ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഞാറയ്ക്കലുള്ള ലബോറട്ടറിയിൽ വളർത്തുകയാണുണ്ടായത്. ഇവയിട്ട ആയിരക്കണക്കിനു മുട്ടകൾ വിരിഞ്ഞു കുഞ്ഞുങ്ങളായി. വൻതോതിൽ നാരൻ ചെമ്മീൻ ഉല്പാദിപ്പിക്കാനുള്ള സാങ്കേതികവിദ്യ ആവിഷ്കരിക്കാൻ ശ്രമം തുടങ്ങിക്കഴിഞ്ഞിട്ടുണ്ടെന്നും ഡോ. സൈലസ് പറഞ്ഞു.

—സ്വ. ലേ.